# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4196 03.02.2014 - ൽ മറുപടിക്ക്

## വർദ്ധിച്ചുവരുന്ന ശുദ്ധജല ആവശ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. സി. കെ. നാണു<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി ജമീലാ പ്രകാശം | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ വർദ്ധിച്ചുവരുന്ന ശുദ്ധജല ആവശ്യകതയ്ക്ക് ആനുപാതികമായി ജലവിതരണ സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ടോ; | (എ) കേരളത്തിലെ വർദ്ധിച്ചുവരുന്ന ശുദ്ധജല ആവശ്യകതയ്ക്ക് ആനുപാതികമായി ജലവിതരണ സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്. ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിനു മുമ്പ് പദ്ധതി പ്രദേശത്തെ ജനസംഖ്യ കണക്കിലെടുത്ത് 30 വർഷത്തേക്ക് വേണ്ടിയുള്ള ആവശ്യകതയ്ക്ക് അനുസരിച്ചാണ് പദ്ധതി രൂപകൽപ്പന ചെയ്യുന്നത്. |
| (ബി) ഉപഭോഗവും ആവശ്യവും വിതരണവും താരതമ്യം ചെയ്യുന്ന പഠനങ്ങൾ നടത്തിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) പദ്ധതി പ്രദേശത്തുള്ള മുഴുവൻ ജനങ്ങളുടെയും (ജനസംഖ്യ കണക്കിലെടുത്ത്) ഉപഭോഗവും ആവശ്യകതയും ഇപ്പോഴുള്ള ജലവിതരണവും കണക്കിലെടുത്താണ് പദ്ധതി രൂപകൽപ്പന ചെയ്യുന്നത്. ഓരോ പദ്ധതിയും രൂപകൽപ്പന ചെയ്യുമ്പോൾ ഇത്തരത്തിലുള്ള വിശദമായ പഠനങ്ങൾ നടത്തിയാണ് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നത് |
| (സി) ആവശ്യത്തിനു വേണ്ട മുഴുവൻ ജലവും ഒരു നിശ്ചിത കാലയളവിനുള്ളിൽ വിതരണം ചെയ്യാൻ തക്കവണ്ണം പദ്ധതി രൂപപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) പദ്ധതി വിഭാവനം ചെയ്യുമ്പോൾ തന്നെ ആവശ്യത്തിനുവേണ്ട മുഴുവൻ ജലവും വിതരണം ചെയ്യാൻ തക്കവണ്ണമാണ് രൂപകൽപ്പന ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ